തേക്കും പ്രത്യേകം പ്രത്യേകം വില്ക്കുന്നപക്ഷം, വിശേഷിച്ചും മാക്രോ വില വളരെ അധികമായിരിക്കുന്ന ബ്രോൺമിൽ ഉൾപ്പെടെ, വളങ്ങൾ കൃഷിക്കു ഉപയോഗപ്പെടുത്താതെ പുറമെ വിറ്റുപോകും എന്ന കരുതലോടുകൂടിയാണ് വളം മിക്സു ചെയ്തു വില്ക്കുന്നത്.

ശ്രീ. എ. താണുപിള്ള: നെൽകൃഷിക്കു മാത്രമാണോ ഇപ്പോൾ ഈ വളം കൊടുക്കുന്നത്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെ.

ശ്രീ. എ. താണുപിള്ള: അല്ലാതെ തെങ്ങുകൃഷിക്കാർ ആവശ്യപ്പെട്ടാൽ കൊടുക്കുകയില്ലെ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നെൽകൃഷിക്കു കൊടുക്കാൻതന്നെ വളം തികയുന്നില്ല.

ശ്രീ. പാറേം തളിയത്തു: കൊച്ചിയിലും വളം മിക്സുചെയ്യാണോ കൊടുക്കുന്നത്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതെ.

ശ്രീ. പി. നാണു: വളം മിക്സുചെയ്യുന്നതിനു എത്ര റേറ്റു വച്ചാണു കൊടുക്കുന്നത്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ ഡാറ്റാ എന്റെ കൈവശമില്ല.

TOBACCO LICENCEES

*455. [25] **Sri. Paul A. Thaliath:** Will the Hon'ble Minister for Excise be pleased to state :—

(*a*) whether it is a fact that tobacco dealers of the State have to take two licences one from the State and the other from the Central Government;

(*b*) whether such a double licence system is in existence in any other State; and

(*c*) whether sales-tax is collected for tobacco sale?

Minister for Industries, Excise and Local-Self Government

[Sri. N. Kunjuraman]: (*a*) Only wholesale dealers in unmanufactured tobacco have to take out two licenses, *i.e.*, the prescribed State license and the Central Excise license. Retail dealers in unmanufactured tobacco and wholesale and retail dealers in manufactured tobacco have to take out only one license, *i.e.*, the prescribed State license.

(*b*) No information is available;

(*c*) Yes.

സെൻസസ്സ്

*൪൫൬. †(൨൬) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സെൻസസ്സ് എടുക്കുവാനുള്ള വേലകൾ ആരംഭിച്ചുവോ;

(ബി) എന്തെല്ലാം വിവരങ്ങൾ ശേഖരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രത്തിൽനിന്നും ആവശ്യപ്പെടുന്നതിൽ കൂടുതലായി എന്തെങ്കിലും വിവരങ്ങൾ ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും ഏവ്വിസും തദ്ദേശ സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) സെൻസസ്സ് എന്യൂമറേഷൻ സംബന്ധിച്ചുള്ള പ്രാരംഭജോലികൾ മിക്കവാറും പൂർത്തിയാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly